77

# കൊടുങ്കാറ്റിനെ അതിജീവിക്കൽ

## (27:21 - 28:2)

റോമയിലേക്കുള്ള പൗലൊസിന്റെ കടൽ യാത്ര സംഭവങ്ങൾ കൂടാതെ തന്റെ സഹയാത്രികരൊത്ത് കൈസര്യയിൽ നിന്നു തീരം വഴി വടക്കോട്ട് നീങ്ങി അവർ സിദോൻ വിട്ടപ്പോൾ, എങ്ങനെയായാലും, പടി ഞ്ഞാറോട്ട് പോയി, അവർ പ്രതികൂലകാറ്റിൽ പെട്ടു. ആഴ്ച്ചകൾ അവർ മുമ്പോട്ട് നീക്കിയപ്പോൾ, അവർ തെക്കോട്ട് ക്രേത്തയിലേക്ക് ഓടി, അവിടെ അവർ ശുഭതുറമുഖത്തിൽ താല്ക്കാലിക അഭയം തേടി. കൂടു തൽ യോജിച്ച തുറമുഖത്തേക്കു പോകാൻ ഒരുങ്ങിയപ്പോൾ, അവർ കൊടുങ്കാറ്റിനിരയായി – അവസാനിപ്പിക്കാത്ത കൊടുങ്കാറ്റെന്നു തോന്നി.

> പകലുകൾ കുഴപ്പം പിടിച്ച പകലുകൾ, രാത്രികൾ ഭീതിപ്പെടുത്തി കൊണ്ടിരുന്നു, രാവിലെ ഉണരുമ്പോൾ പർവ്വതം പോലെ ഉയർന്നു വരുന്ന തിരകൾ ഇടമുറിയാത്ത കനത്ത മേഘങ്ങൾ നിമിത്തം ഒന്നും തിരിച്ചറിയുന്നില്ല: കപ്പലിന്റെ സ്ഥാനം അറിയാൻ കപ്പിത്താൻ ഒരു വഴിയുമില്ല ... . കപ്പലിലെ പ്രധാന ചരക്കായ കോതമ്പ് മുഴു വൻ വെള്ളത്തിൽ കുതിർന്നു – ചാക്കുകളെല്ലാം കുതിർന്നു ഉറ പ്പിച്ച കപ്പലിൽ നീക്കുവാൻ ഭാരമേറി, കനം എപ്പോഴും കൂടി കൂടി വന്നു.
>
> ജല നിരപ്പ് ഉയർന്നു, കപ്പൽ താഴ്ന്നു, കൊടുങ്കാറ്റ് പതിനൊ ന്നാമത്തെയോ പന്ത്രണ്ടാമത്തെയോ ദിവസമായി തുടരുന്നു. “രക്ഷ പ്പെടുമെന്ന ആശ ഒക്കെയും അറ്റു പോയി.” ഇപ്പോൾ മുങ്ങിപ്പോകു മെന്നതു ഉറപ്പായി – കൊടുങ്കാറ്റ് കുറഞ്ഞാൽ പോലും കഷ്ടിച്ചു ഏതാനും ദിവസങ്ങൾ മാത്രം – അവർ കപ്പൽ ഉപേക്ഷിച്ചാൽ പോലും എല്ലാവരും നഷ്ടപ്പെടും എന്ന നിലയിലെത്തി എന്നർത്ഥം.[1]

അവർക്ക് കൃത്യമായി എന്തു തോന്നിക്കാണും എന്നു നിങ്ങൾക്കു ഊഹിക്കാം. ഓരോരുത്തരും ഓരോ കൊടുങ്കാറ്റിൽ ഇപ്പോൾ ആയിട്ടുണ്ട്, അല്ലെങ്കിൽ കുടുംബപരമായ, സാമ്പത്തികമായ, ബിസിനസ്സ് സംബന്ധ

മായ, ഓരോ കൊടുങ്കാറ്റ് വന്നേക്കാം: ഡോക്ടർ പരിശോധിച്ചു മോശ മായ റിപ്പോർട്ട് പറഞ്ഞു കേൾക്കുമ്പോൾ, നമ്മിൽ കൊടുങ്കാറ്റ് ഉയരും. ഒരു കുട്ടി നാം വിശ്വസിക്കുന്നതിൽ നിന്നെല്ലാം പുറം തിരിയുമ്പോൾ, നമ്മെ തള്ളിപ്പറയുമ്പോൾ, നമ്മിൽ കൊടുങ്കാറ്റ് ഉയരും. പ്രത്യാശ നഷ്ട പ്പെടുക എന്നാൽ എന്തെന്ന് നിങ്ങളിൽ ചിലർക്ക് അറിയാം.

പൗലൊസ് റോമയിലേക്കു യാത്ര ചെയ്ത സംഭവം നാം തുടങ്ങിയ പ്പോൾ, നമ്മുടെ ഊന്നൽ പ്രതികൂലമായ കാറ്റിലും കൊടങ്കാറ്റിലും ആയി രുന്നു. ഇപ്പോൾ, നാം ആ കൊടുങ്കാറ്റിനെ പൗലൊസ് എങ്ങനെ അതി ജീവിച്ചു എന്നു നോക്കാം – നിങ്ങൾക്കു എങ്ങനെ നിങ്ങളുടെത് അതി ജീവിക്കാമെന്നും ജീവിതത്തിൽ കൊടുങ്കാറ്റ് അടിക്കുമ്പോൾ, നിങ്ങൾ മാത്രമല്ല എന്ന് അറിയുക!

### സാധ്യത പ്രതീക്ഷിക്കുക[2]

നിങ്ങൾ ജീവിത കൊടുങ്കാറ്റുകൾ അതിജീവിക്കുവാൻ, അവ വരു മെന്നറിഞ്ഞു അതിനെ നേരിടാൻ മാനസികമായി ഒരുങ്ങണം. താൻ എവിടെ ആയിരിക്കേണമോ പൗലൊസ് അവിടെ ആയിരുന്നെങ്കിലും – യേശുവിനെ സാക്ഷീകരിക്കുവാൻ റോമയിലേക്കുള്ള വഴിയിൽ – അപ്പോഴും പ്രതികൂലക്കാറ്റു വീശുന്നു. അവസാനം, കൊടുങ്കാറ്റു വന്നു. നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കും (മത്തായി 5:45); നന്മ ചെയ്യുന്നവരിലും തിന്മ ചെയ്യുന്നവരിലും കൊടു ങ്കാറ്റ് അടിക്കും കൊടുങ്കാറ്റ് വരുമ്പോൾ ദൈവം നിങ്ങളെ ഉപേക്ഷിച്ച താണെന്ന് അർത്ഥമാക്കരുത്; അവ ജീവിതത്തിന്റെ ഭാഗമാണ് – ചില പ്പോൾ നിങ്ങളെ നന്നാക്കുന്നതിനുള്ള ദൈവ പദ്ധതിയുടെ ഭാഗമാണ്. അവ നിങ്ങളെ മുട്ടിന്മേൽ നില്ക്കാൻ നിർബ്ബന്ധിക്കുന്നു എങ്കിൽ, നിങ്ങൾ നിങ്ങളുടെ മുട്ടിന്മേൽ ആകേണ്ടിയിരുന്നു എന്നർത്ഥം.

### വാഗ്ദാനങ്ങൾ പ്രകടമാക്കുക (27:21-26)

നിരാശ വന്നു പൗലൊസ് മുട്ടിന്മേൽ നിന്നപ്പോൾ, അവൻ പ്രാർത്ഥി ക്കാൻ തുടങ്ങി. അവന്റെ നിരാശാരാത്രിയിൽ, അവനു ദൈവത്തിന്റെ വാഗ്ദാനം ലഭിച്ചു. പിറ്റെന്ന് നാം കാണുന്നതു അപ്പൊസ്തലൻ വേഗ ത്തിൽ പ്രത്യാശാ സന്ദേശം പങ്കിടുന്നതാണ്: “അപ്പോൾ പൗലൊസ് അവ രുടെ നടുവിൽ നിന്നുകൊണ്ടു പറഞ്ഞതു, ‘പുരുഷന്മാരേ, എന്റെ വാക്ക് അനുസരിച്ചു ക്രേത്തയിൽ നിന്നു നീക്കാതെയും, ഈ കഷ്ടനഷ്ടങ്ങൾ സമ്പാദിക്കാതെയും ഇരിക്കേണ്ടതായിരുന്നു’” (വാക്യം 21). (പൗലൊ സിന്റെ ഉദ്ദേശം അവരെ ശകാരിക്കയായിരുന്നില്ല പിന്നെയോ, അതേ തെറ്റ് വീണ്ടും ആവർത്തിക്കാതിരിക്കേണ്ടതിന് അപേക്ഷിക്കലായിരുന്നു.) പിന്നെ അവന്റെ ആത്മവിശ്വാസ വാക്കുകൾ കൊടുങ്കാറ്റിന്റെ അലർച്ച യുടെ മുകളിൽ കേട്ടു:

> എങ്കിലും ... ഇപ്പോൾ ധൈര്യത്തോടിരിപ്പാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു, കപ്പലിനു അല്ലാതെ, നിങ്ങളിൽ ആരുടെയും പ്രാണനു ഹാനിവരികയില്ല. എന്റെ ഉടയവനും ഞാൻ സേവിച്ചു

> വരുന്നവനുമായ ദൈവത്തിന്റെ ദൂതൻ[3] ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്നു, "ഭയപ്പെടരുത്, പൗലൊസേ; നീ കൈസര്യയുടെ മുമ്പിൽ നില്ക്കേണ്ടതാകുന്നു;[4] നിന്നോടുകൂടെ, യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു," എന്നു പറഞ്ഞു. അതുകൊണ്ട്, പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ, എന്നോടു അരുളിച്ചെയ്തതുപോലെ സംഭവിക്കും എന്നു, ഞാൻ ദൈവത്തെ വിശ്വസിക്കുന്നു (വാക്യങ്ങൾ 22–25).

പൗലൊസ് സ്പഷ്ടമായും തന്റെ മാത്രം സുരക്ഷക്കുവേണ്ടിയല്ല പ്രാർത്ഥിച്ചത്, പിന്നെയോ കപ്പലിലുണ്ടായിരുന്ന എല്ലാവരുടെ സുരക്ഷക്കും വേണ്ടി പ്രാർത്ഥിച്ചു – ദൈവം അവന്റെ പ്രാർത്ഥനക്കു മറുപടിയും നല്കി.[5] നിങ്ങൾ ഒരു കൊടുങ്കാറ്റിന്റെ മദ്ധ്യത്തിലകപ്പെടുമ്പോൾ, നിങ്ങളെ മാത്രമല്ല ജീവിതത്തിൽ അതു ബാധിക്കുക എന്നോർക്കണം (1 കൊരിന്ത്യർ 10:13). നിങ്ങൾക്കും മറ്റുള്ളവർക്കും വേണ്ടി പ്രാർത്ഥിക്കണം (യാക്കൊബ് 5:16); സ്വയ – കേന്ദ്രീകൃത ജീവിതത്തേക്കാൾ മറ്റൊന്നും അത്രവേഗം മുങ്ങുകയില്ല.

ദൈവത്തിന്റെ വാഗ്ദാനത്തിൽ നല്ലതും മോശമായ വാർത്തകൾ ഉണ്ട്: അവരുടെ ജീവിതങ്ങൾ നഷ്ടമാകേണ്ട, അപ്പോൾ കപ്പൽ പോകും. പൗലൊസ് കൂട്ടിച്ചേർത്തു, "എങ്കിലും നാം ഒരു ദ്വീപിന്മേൽ തട്ടി വീഴേണ്ടതാകുന്നു" (വാക്യം 26). അവർ രക്ഷപ്പെടും എന്നു ദൈവം വാഗ്ദാനം ചെയ്തു, അതിനർത്ഥം അതത്ര എളുപ്പം ആയിരിക്കും എന്നല്ല. വിഷമമുള്ള സമയം വരുവാനിരിക്കുന്നു – എന്നാൽ ദൈവത്തിന്റെ വാഗ്ദാനം അവരെ നില നിർത്തും.

ദൈവം നമുക്കും ഒരു പ്രത്യാശാ സന്ദേശം നല്കുന്നുണ്ട്. പൗലൊസിനു ലഭിച്ചതു പോലെ ഒരു സ്വർഗ്ഗീയ സന്ദർശകൻ നമുക്കു ലഭിക്കുകയില്ല, പക്ഷെ നമുക്കു ദൈവത്തിന്റെ "വിലയേറിയതും അതി മഹത്വവുമായ വാഗ്ദാനങ്ങൾ ഉണ്ട്" (2 പത്രൊസ് 1:4; എബ്രായർ 8:6 ഉം നോക്കുക) – സന്ദേശം അതു തന്നെയാണ്: "ധൈര്യപ്പെടുവിൻ" (സങ്കീർത്തനങ്ങൾ 27:14; യോഹന്നാൻ 16:33)! ദൈവം നമ്മെ ഉറപ്പുകൂടാതെയല്ല വിട്ടിട്ടുള്ളതു എന്നതല്ല പ്രശ്നം.[6] പലപ്പോഴും പൗലൊസ് പറഞ്ഞതുപോലെ നാം വിശ്വാസത്തിൽ കുറവുള്ളവരാകുന്നു എന്നതാണ് പ്രശ്നം, "എന്നോടു *യഥാർത്ഥത്തിൽ* അരുളിച്ചെയ്തതുപോലെ തന്നെ സംഭവിക്കും. എന്നു, ഞാൻ ദൈവത്തെ വിശ്വസിക്കുന്നു" (പ്രവൃത്തികൾ 27:25; എംഫസിസ് മൈൻ; കൂടാതെ യോഹന്നാൻ 20:27).

നാം ജീവിതത്തിലെ കൊടുങ്കാറ്റുകളെ നേരിടുകയാണെങ്കിൽ, ദൈവത്തിന്റെ വാഗ്ദാനങ്ങളെ പ്രകടമാക്കേണ്ടതുണ്ട്. ആദ്യം, ഈ വാഗ്ദാനങ്ങൾ നമ്മോടു തന്നെ വീണ്ടും വീണ്ടും പ്രകടമാക്കുക, അവ നമ്മുടെ മനസുകളിലും, ഹൃദയങ്ങളിലും ഊന്നണം. ഇത് ഓരോ ദിവസവും കാണപ്പെട്ട വിധം എഴുതി വയ്ക്കണം. പിന്നെ, പൗലൊസ് പറഞ്ഞതുപോലെ, ഈ വാഗ്ദാനങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കേണം.

നാം വാഗ്ദാനങ്ങളെ പ്രകടമാക്കുന്നു എങ്കിൽ, പഴഞ്ചൊല്ലിലെ പുകച്ചുരുൾ പോലെ അപ്രത്യക്ഷമാകുമോ? ഒരു പക്ഷെ ഇല്ലായിരിക്കാം. ദൈവ

ത്തിന്റെ പ്രത്യാശാ സന്ദേശം പൗലൊസ് അറിയിച്ചത് കടലിനെ ശാന്ത മാക്കിയില്ല. മേഘങ്ങൾ ഉയർന്നു നാവികർക്കു എല്ലാം ദൃശ്യമായതുമി ല്ല. പുറമെ മാറ്റമൊന്നും ഉണ്ടായില്ല; കൊടുങ്കാറ്റ് തുടർന്നും വീശി. മാറ്റം *ഉള്ളിലായിരുന്നു* – മനോഭാവത്തിൽ മാറ്റം. തീർച്ചയായും പൗലൊസി ന്റെയും വിശ്വസിച്ചവരുടേയും ലോകത്തിൽ ഇതിനു പ്രകടമായ വ്യത്യാസം വരുത്തി. ജീവിതകൊടുങ്കാറ്റിൽ നിങ്ങളും ഞാനും കർത്താ വിന്റെ വാഗ്ദാനങ്ങളിൽ ആശ്രയിക്കുമ്പോൾ, പുറമെ സംഭവിക്കുന്ന മാറ്റം വിരളമാകാം; സാഹചര്യങ്ങൾ അങ്ങനെ തന്നെ ഇരുന്നേക്കാം. ശരിക്കുള്ള മാറ്റം ഉള്ളിലാണ്: "സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം, നമ്മുടെ ഹൃദയങ്ങളിൽ വാഴുന്നതു" നമുക്കു അറിയാം (ഫിലിപ്പിയർ 4:7)!

### സാന്നിധ്യം പ്രദർശിപ്പിക്കുക (27:27-37)

ദൂതൻ പൗലൊസിനോടു പറഞ്ഞതു കപ്പൽ "ഒരു ദ്വീപിന്മേൽ തട്ടി വീഴും" എന്നാണ് (വാക്യം 26). "ആ ദ്വീപ്" മെലിത്ത ആയിരുന്നു (28:1), ആദ്യം കൊടുങ്കാറ്റ് അടിച്ച സ്ഥലത്തു നിന്നു അഞ്ഞൂറോളം മൈൽ അക ലെ. പൗലൊസിന്റെ റോമിലേക്കുള്ള പാതയുടെ പടം നോക്കുക. മെലിത്താ മദ്ധ്യധരണ്യാഴിയിലെ ഒരു പൊട്ടായിരുന്നു. കപ്പൽ അങ്ങോട്ടും ഇങ്ങോട്ടും ഓടിയപ്പോൾ (27:27), എങ്ങനെ ആ കരയിൽ ചെന്നു തട്ടു വാനിടയായി? ദൈവം ആയിരുന്നു നാവികൻ. കപ്പലിനെ നശിപ്പിക്കു മെന്ന ഭീഷണിയുയർത്തിയ കാറ്റിനെ ഉപയോഗിച്ച് യാത്രക്കാരെ ആ ലക്ഷ്യസ്ഥാനത്ത് എത്തിച്ചു (റോമർ 8:28). ദൈവം തനിക്കുള്ളവരെ ഉപേ ക്ഷിക്കുകയില്ല; അവൻ തുടർന്നും അവരുടെ ജീവിതത്തിൽ പ്രവർത്തി ച്ചുകൊണ്ടിരിക്കും.

"പതിന്നാലാം രാത്രിയായപ്പോൾ, ഞങ്ങൾ അദ്രിയാക്കടലിൽ[7] അല യുന്നേരം, അർദ്ധ രാത്രിയിൽ ഒരു കരെക്കു സമീപിക്കുന്നു എന്നു കപ്പ ല്ക്കാർക്കു തോന്നി" (വാക്യം. 27). അവർ ഒരു പക്ഷെ അലകൾ തീരത്തു അടിക്കുന്ന ശബ്ദം കേട്ടിരിക്കാം. "അവർ ഈയം ഇട്ടു,[8] ഇരുപത് മാറ് [120 അടി] എന്നു കണ്ടു; കുറയ അപ്പുറം പോയിട്ട് വീണ്ടും ഈയം ഇട്ടു പതിനഞ്ചുമാറ് [90 അടി] എന്നു കണ്ടു" (വാക്യം 28). ഇവിടെ കൂടുതൽ നല്ലവാർത്തയും/മോശമായ വാർത്തയുമുണ്ട്: നല്ലവാർത്ത അവർ കര യോട് അടുക്കുന്നു എന്നതായിരുന്നു; മോശമായ വാർത്ത ആ രാത്രി യിൽ പതിയിരിക്കുന്ന ആപത്താണ്. "പാറസ്ഥലങ്ങളിൽ അകപ്പെട്ടു എന്നു പേടിച്ചു, അവർ അമരത്തു നിന്നു നങ്കൂരം ഇട്ടു[9] നേരം വെളുപ്പാൻ ആഗ്ര ഹിച്ചു കൊണ്ടിരുന്നു" (വാക്യം 29). സാധാരണ, നങ്കൂരം ഇടുന്നതു കപ്പ ലിന്റെ മുനമ്പിൽ (മുമ്പിലെ അറ്റം) നിന്നാണ്, പിന്നിൽ നിന്നല്ല (പുറകിൽ). എങ്ങനെയായാലും, കാറ്റ് കരയിലേക്ക് അടിച്ചിരുന്നതുകൊണ്ട്, അവർ കപ്പൽ കരയിലേക്കു മുഖാമുഖമായി കൊടുങ്കാറ്റ് അടിക്കുന്നതുകൊ ണ്ടാണ്, അങ്ങനെ നങ്കൂരമിട്ടത്.

കപ്പലിനെ സംരക്ഷിക്കാൻ വേണ്ടതൊക്കെ അവർ ചെയ്തശേഷം, "നേരം വെളുപ്പാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു" (വാക്യം 29). അക്ഷരിക മായി, "നേരം വെളുക്കാൻ അവർ പ്രാർത്ഥിച്ചു കൊണ്ടിരുന്നു." ഇരുട്ടിൽ അപകടം വരുമെന്നു വിചാരിച്ച്, രാത്രി അവസാനിക്കുന്നില്ല എന്ന

തോന്നലിൽ ആകുമ്പോൾ, നിങ്ങളും, ഒരു പക്ഷെ അങ്ങനെ പ്രാർത്ഥിക്കും.

രാത്രിയിൽ ചിലപ്പോൾ, നാവികൻമാരെ ഭീതി മൂലം സമ്മർദ്ദം മൂടും. കപ്പലിൽ തന്നെ ഉറച്ചിരിക്കേണ്ടത് – സമയോചിതമായി നില്ക്കേണ്ട കാര്യം അവർ മറന്നു പോകും; അവർ തങ്ങളെ ഒഴിച്ച് മറ്റെല്ലാം മറക്കും. "എന്നാൽ കപ്പൽക്കാർ കപ്പൽ വിട്ടു ഓടിപ്പോകുവാൻ വിചാരിച്ചു അണിയത്തു നിന്നു നങ്കൂരം ഇടുവാൻ പോകുന്നു എന്നുള്ള ഭാവത്തിൽ," അവർ "തോണിയിറക്കി" (വാക്യം 30), കരയിലേക്ക് എത്താമെന്ന തോന്നലുമായി – ഒരു നിരാശാ പദ്ധതി കൊടുങ്കാറ്റുള്ള രാത്രിയിൽ ഏതാണ്ട് പരാജയത്തിലേക്ക് എന്നു തീർച്ച.

കപ്പലിന്റെ മേൽത്തട്ടിലായിരുന്ന, പൗലൊസിനു, കപ്പലിനെക്കുറിച്ചും കൊടുങ്കാറ്റിനെക്കുറിച്ചുമെല്ലാം വേണ്ടത്ര അനുഭവം ഉണ്ടായിരുന്നതു കൊണ്ട് നാവികരുടെ വഞ്ചനാ സൂത്രത്തിൽ അകപ്പെടുകയില്ല. പുറകിൽ നിന്നു നങ്കൂരം ഇട്ടു കഴിഞ്ഞ സ്ഥിതിക്കു മുനമ്പിൽ നിന്നും നങ്കൂരം ഇട്ടാൽ അത് കപ്പലിന് അനാവശ്യമായ നാശം വരുത്തിവെക്കും. അതുകൊണ്ട്, "അവർ കപ്പൽ വിട്ടു ഓടിപ്പോകുവാൻ ഭാവിച്ചപ്പോൾ, … പൗലൊസ് ശതാധിപനോടും പടയാളികളോടും, ഇവർ 'കപ്പലിൽ താമസിച്ചല്ലാതെ, നിങ്ങൾക്കു രക്ഷപ്പെടുവാൻ കഴിയുന്നതല്ല എന്നു പറഞ്ഞു'" (വാക്യങ്ങൾ 30, 31). കപ്പൽക്കാരുടെ സഹായമില്ലാതെ അടുത്തദിവസം യാത്ര ചെയ്യുവാനോ, രക്ഷപ്പെടുവാനോ നേരിയ പ്രത്യാശയില്ലാ.[10] പടയാളികൾ പെട്ടെന്ന് "തോണിയുടെ കയർ അറുത്തു അതു, വീഴിച്ചു കളഞ്ഞു" (വാക്യം 32), അടുത്ത പരിശ്രമം ഫലപ്രദമായി ഉപേക്ഷിക്കുന്നതു നിരാശയിലാക്കും.[11]

രാത്രിയാകുമ്പോൾ, എല്ലാവരുടേയും ആത്മവിശ്വാസം മങ്ങിതുടങ്ങും; പരിചയസമ്പന്നരായ നാവികർ ഭയപ്പെട്ടാൽ, കപ്പൽ യാത്രക്കാർ ഭയപ്പെടാതിരിക്കുമോ? പ്രഭാതത്തിനു തൊട്ടു മുമ്പ്, പൗലൊസ് ഉത്തരവാദിത്വം ഏറ്റെടുത്ത്, ആത്മാക്കളെ ഉണർത്തുവാൻ മൂന്നു പടിയുള്ള പദ്ധതിക്കു മുന്നിട്ടിറങ്ങി:

ഒന്നാമത്തെ പടിയായി അവരുടെ ശരീരങ്ങളെ ശക്തിപ്പെടുത്തുന്നതിനായിരുന്നു – ശരീരത്തെ ബാധിക്കുന്നതു കൃത്യമായും ആത്മാക്കളെയും ബാധിക്കും:[12] അവൻ എല്ലാവരേയും ഭക്ഷിക്കുവാൻ പ്രബോധിപ്പിച്ചു, പറഞ്ഞു, "നേരം വെളുക്കാറായപ്പോൾ പൗലൊസ് എല്ലാവരോടും ഭക്ഷണം കഴിക്കേണ്ടതിനു അപേക്ഷിച്ചു, നിങ്ങൾ ഒന്നും ഭക്ഷിക്കാതെ കാത്തുകൊണ്ടു പട്ടിണി കിടക്കുന്നതു ഇന്നു പതിനാലാം ദിവസം ആകുന്നുവല്ലോ.[13] അതുകൊണ്ടു ആഹാരം കഴിക്കേണം എന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു, അതു നിങ്ങളുടെ രക്ഷക്കുള്ളതല്ലൊ നിങ്ങളിൽ ഒരുത്തന്റേയും തലയിലെ ഒരു രോമം പോലും നഷ്ടമാകയില്ല നിശ്ചയം എന്നു പറഞ്ഞു" (വാക്യങ്ങൾ 33, 34). മറ്റൊരർത്ഥത്തിൽ, "നിങ്ങൾക്കു നിലനിൽക്കണമെങ്കിൽ ശക്തി ആവശ്യമാണ്."

രണ്ടാമത്തെ പടി അവരുടെ ആത്മാക്കളെ ശക്തിപ്പെടുത്തുകയായിരുന്നു – ആത്മാവിനെ ബാധിക്കുന്നതു തികച്ചും ശരീരത്തെയും ബാധിക്കും: ദൈവ വാഗ്ദാനത്തെ വീണ്ടും പ്രകടമാക്കി, ഉറപ്പിച്ചു അവൻ

വീണ്ടും പറയുന്നു "നിങ്ങളുടെ തലയിലെ ഒരു രോമം പോലും നഷ്ട മാകയില്ല"[14] (വാക്യം 34).

മൂന്നാമത്തെ പടി ഒരു പക്ഷെ ഏറ്റവും മുഖ്യമാകാം: വാഗ്ദാനത്തെ *അവൻ* വിശ്വസിച്ചതായി പ്രദർശിപ്പിച്ചു; ദൈവം അവരോടൊപ്പം ഉണ്ടെന്നു വാസ്തവത്തിൽ *അവൻ* വിശ്വസിച്ചതായി കാണിച്ചു കൊടുത്തു. "ഇങ്ങനെ പറഞ്ഞിട്ടു അപ്പം എടുത്തു എല്ലാവരും കാൺകെ ദൈവത്തെ വാഴ്ത്തിയിട്ടു; നുറുക്കി തിന്നു തുടങ്ങി" (വാക്യം 35).[15] നാവികന്മാർ ഭയപ്പെട്ടതു പകർന്നതുപോലെ പൗലൊസിന്റെ ശാന്തതയും പകരുന്നതായിരുന്നു: "അപ്പോൾ എല്ലാവരും ധൈര്യപ്പെട്ടു, ഭക്ഷണം കഴിച്ചു" (വാക്യം 36). ഏതൊരു കാഴ്ച്ചയായിരുന്നു അത്: പ്രഭാതത്തിനു തൊട്ടു മുൻപുള്ള പ്രാതൽ ഭക്ഷിക്കുവാൻ മൂന്നു ക്രിസ്ത്യാനികളും 273 ജാതിയിൽപ്പെട്ടവരും ഇരുന്നപ്പോൾ ചെറിയ ഒരു മിഷണറി ആഹാരത്തിനു ദൈവത്തിനു നന്ദി പറയുന്നു![16] അങ്ങനെ അവൻ അവരുടെ ആത്മാക്കളെ ശക്തിപ്പെടുത്തി – ആത്മാക്കളെ ബാധിക്കുന്നതു കൃത്യമായും ശരീരത്തെയും പ്രാണനേയും ബാധിക്കും.

പൗലൊസിനു അനുഭവപ്പെട്ടതുപോലെയുള്ള, കൊടുങ്കാറ്റ് നമുക്കുണ്ടായാൽ, നാം ദൈവത്തിന്റെ സാന്നിധ്യം പ്രദർശിപ്പിക്കണം.[17] നാം ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നതായി മറ്റുള്ളവർക്കു കാണിച്ചു കൊടുക്കണം – എന്തു സംഭവിച്ചാലും ശരി, നാം ഉപേക്ഷിക്കപ്പെട്ടില്ല എന്ന ആത്മവിശ്വാസം ഉള്ളവർ ആയിരിക്കാം. പൗലൊസിനോടു കൂടെ നമുക്കു പറയാൻ കഴിയണം, "ഞങ്ങൾ സകല വിധത്തിലും കഷ്ടം സഹിക്കുന്നവർ ... , എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും, നിരാശപ്പെടുന്നില്ല; ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും, ഉപേക്ഷിക്കപ്പെടുന്നില്ല; വീണു കിടക്കുന്നവർ എങ്കിലും, നശിച്ചുപോകുന്നില്ല" (2 കൊരിന്ത്യർ 4:8, 9).

### പദ്ധതി ത്വരിതപ്പെടുത്തുക (27:38-44)

കൊടുങ്കാറ്റിനിടയിൽ പൗലൊസിന്റെ പെരുമാറ്റത്തെക്കാൾ നോക്കിയപ്പോൾ, അതിന്റെ പ്രായോഗികത എനിക്കിഷ്ടമായി. കപ്പലിലുണ്ടായിരുന്ന എല്ലാവരും രക്ഷിക്കപ്പെടും എന്നായിരുന്നു ദൈവം വാഗ്ദാനം ചെയ്തിരുന്നത്, എന്നാൽ അതു താൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുവാൻ അവനെ പിന്തിരിപ്പിച്ചില്ല: ആത്മാക്കൾ ക്ഷീണിച്ചിരുന്നപ്പോൾ, അവൻ കപ്പലിലുണ്ടായിരുന്നവരെ ധൈര്യപ്പെടുത്തി. നാവികന്മാർ കപ്പൽ പ്രവർത്തിക്കാതെ ഓടിപ്പോകുവാൻ ശ്രമിച്ചപ്പോൾ, അവൻ അവരെ തടുത്തു. കപ്പലിലുണ്ടായിരുന്ന എല്ലാവരും തളർന്നപ്പോൾ, അവൻ അവരോടു ഭക്ഷിക്കുവാൻ അപേക്ഷിച്ചു. നാം കൊടുങ്കാറ്റിനെ നേരിടുമ്പോൾ, നാം ദൈവപദ്ധതി ത്വരിതപ്പെടുത്തണം – അതെന്താ യാലും. കൊടുങ്കാറ്റിനെ അതി ജീവിക്കാൻ *നമുക്കു* കഴിയുന്നതു ചെയ്യണം.

കപ്പൽ ജോലിക്കാർ ഭക്ഷിച്ചു കഴിഞ്ഞപ്പോൾ, അവരുടെ ശക്തി തിരികെ കിട്ടുകയും അവരുടെ പ്രത്യാശ നവീകരിക്കപ്പെടുകയും ചെയ്തു. അവർ പ്രഭാതത്തിനായി ഒരുങ്ങാൻ തുടങ്ങി "കപ്പലിലുണ്ടാ

യിരുന്നവർ ഭക്ഷിച്ച ശേഷം, അവർ ശക്തി സംഭരിക്കയും അവരുടെ പ്രത്യാശ നവീകരിക്കയും ഭാരം കുറച്ചു" (വാക്യം 38). ഭാരം കൊണ്ട് കപ്പൽ ഉലയാതിരിക്കേണ്ടതിനു ശേഷിച്ച ധാന്യവും കളഞ്ഞു (വാക്യം 18 നോക്കുക), അങ്ങനെ കപ്പലിന്റെ ഭാരം കുറഞ്ഞ് മുകളിലേക്ക് ഉയരുകയും കടല്ക്കരയിലേക്ക് തീണ്ടുകയും ചെയ്തു.

അടുത്ത വാക്യം തുടങ്ങുന്നത്, "വെളിച്ചം ആയപ്പോൾ, ..." എന്നാണ് (വാക്യം 39) മോശമായ രാത്രി കടന്നു പോകുന്നു. "വെളിച്ച മായപ്പോൾ, ഇന്ന ദേശം എന്നു അവർ അറിഞ്ഞില്ല; എങ്കിലും കരയുള്ളോരു തുറ കണ്ടു,[18] കഴിയുമെങ്കിൽ കപ്പൽ അതിലേക്കു ഓടിക്കേണം എന്നു ഭാവിച്ചു" (വാക്യം. 39). കര കാണാമെങ്കിലും, അവർ സുരക്ഷിതത്വത്തിൽ നിന്നും അകലെയായിരുന്നു.

അവരുടെ തയ്യാറെടുപ്പ് തുടരുമ്പോൾ, കപ്പൽ ജോലിക്കാർ മൂന്നു നടപടികൾ സ്വീകരിച്ചു: (1) അവർ നാലു നങ്കൂരവും എടുത്തു "കടലിൽ വിട്ടു കളഞ്ഞു," കാരണം അവ അവർക്ക് ഇനി ആവശ്യമില്ല (വാക്യം 40). (2) "അതേ സമയം അവർ ചുക്കാന്റെ കെട്ടും അഴിച്ചു" (വാക്യം 40). പുരാതന കപ്പലുകൾക്ക് പലപ്പോഴും രണ്ടു സ്റ്റിയറിങ്ങ് തണ്ട് അല്ലെങ്കിൽ ചുക്കാൻ തടി ഭാഗത്തിന്റെ ഓരോ അമരത്തിന്റെ മൂലയിൽ സ്ഥിതി ചെയ്തിരിക്കും, അതിനെ ഒരു വടി കൊണ്ട് യോജിപ്പിച്ച് ഒരാൾക്കു നിയന്ത്രിക്കാവുന്നതാക്കും. കൊടുങ്കാറ്റു വരുമ്പോൾ, ഈ ചുക്കാൻ വെള്ളത്തിൽ നിന്നു ഉയർത്തി കെട്ടി ഉറപ്പിക്കും. ഇപ്പോൾ അതഴിച്ചു വിട്ടതു കൊണ്ട് സ്റ്റിയറിങ്ങ് നിയന്ത്രിക്കാം. (3) "പെരുമ്പായ് കാറ്റു മുഖമായി കൊടുത്തു" (വാക്യം 40) അവർക്ക് അങ്ങനെ സ്റ്റിയറിങ്ങ് നിയന്ത്രിക്കുവാനും കാറ്റിന്റെ തള്ളൽ നല്കുവാനും അതു സഹായിച്ചു.[19]

അവർ എല്ലാം തയ്യാറാക്കി കരയിൽ ഇറങ്ങുവാൻ, അവർ "കടൽക്കര ലക്ഷ്യമാക്കി ഓടി" (വാക്യം 40). അവർ കരയിലേക്കു അടുക്കുന്ന പ്രതീതിയായി, എന്നാൽ "മണൽ തിട്ടയിൽ തട്ടി [മണൽ കൂമ്പാരം അല്ലെങ്കിൽ അടിയിലുള്ള പാറ] ഉറച്ചു നിന്നു അതു ഇരു കടലുകൾ [പ്രവാഹം മറികടക്കുന്ന; എൻ ഈ ബി] യോജിക്കുന്ന സ്ഥലം കണ്ടു,[20] അവർ ഓടി കപ്പൽ അടിഞ്ഞു" (വാക്യം 41). "അണിയം [ഉന്തി നിൽക്കുന്ന കപ്പലിന്റെ മുൻഭാഗം] ഉടഞ്ഞു ഇളകാതെയായി, എന്നാൽ തിരമാലയുടെ ആഘാതത്താൽ അമരം ഉടഞ്ഞു" (വാക്യം 41).

കപ്പൽ താഴുവാൻ തുടങ്ങിയപ്പോൾ, വീണ്ടും ദു:ഖം തളം കെട്ടാൻ തുടങ്ങി. ഈ സമയത്തു നാവികന്മാരല്ല, പടയാളികളാണ്, വിഷമത്തിലായത്. സൈന്യ നിയമ പ്രകാരം കുറ്റവാളിയെ കാക്കുന്ന സമയത്ത് കുറ്റവാളി രക്ഷപ്പെട്ടാൽ, ആ ശിക്ഷ പടയാളിക്കാണ്.[21] തടവുകാർ ഈ തക്കത്തിൽ രക്ഷപ്പെടുകയാണെങ്കിൽ പടയാളികൾ ആരും. "സിംഹത്തിനിരയായിത്തീരാൻ" ആഗ്രഹിച്ചില്ല,[22] "തടവുകാരിൽ ആരും രക്ഷപ്പെടാതിരിപ്പാൻ അവരെ കൊല്ലേണം എന്നായിരുന്നു, അവരുടെ ആലോചന" (വാക്യം 42). മറ്റു തടവുകാരോടൊപ്പം പൗലൊസിനെയും കൊല്ലുവാൻ അവർ ആലോചിച്ചു.

പൗലൊസിനെ കൊല്ലണമെന്നു വിചാരിച്ചു പടയാളികൾ പൗലൊസിന്റെ കണ്ണുകളിൽ നോക്കിയപ്പോൾ, അവന്റെ ജീവൻ വീണ്ടും

ത്രാസിൽ തൂങ്ങി – എന്നാൽ അവൻ കൈസരുടെ മുൻപിൽ നില്ക്കേണ്ടതാണെന്നു കർത്താവ് വാഗ്ദാനം ചെയ്തിരുന്നു. ഈ സമയത്ത് ദൈവം, ശതാധിപനായിരുന്ന യൂലിയൊസിലൂടെ ഇടപെട്ടു. പൗലൊസിനോട് പ്രത്യേക പരിഗണന കാണിക്കണമെന്ന നിർദ്ദേശം റോമൻ ഉദ്യോഗസ്ഥനുണ്ടായിരുന്നു, കൂടാതെ, പ്രതിസന്ധിഘട്ടത്തിൽ പൗലൊസിന്റെ പെരുമാറ്റം അവനു ഇഷ്ടമാകയും ചെയ്തു. അങ്ങനെ, "ശതാധിപനോ, പൗലൊസിനെ രക്ഷിപ്പാൻ ഇച്ഛിച്ചിട്ടു,[23] അവരുടെ താല്പര്യം തടുത്തു"[24] (വാക്യം 43). (നിങ്ങളുടെ കൊടുങ്കാറ്റുകളിൽ, ചിലപ്പോൾ ആശ്വാസം വരുന്നതു അപ്രതീക്ഷിത ഉറവിടങ്ങളിൽ നിന്നായിരിക്കും.)

യൂലിയൊസ് പെട്ടെന്ന് കപ്പൽ ഉപേക്ഷിക്കുവാൻ കല്പന കൊടുത്തു. "നീന്തുവാൻ കഴിയുന്നവർ ആദ്യം ചാടി കരെക്കു പറ്റുവാനും,[25] ശേഷമുള്ളവർ പലകമേലും, കപ്പലിന്റെ ഖണ്ഡങ്ങളുടെ മേലും എത്തുവാനും കല്പിച്ചു, ഇങ്ങനെ എല്ലാവരും കരയിൽ എത്തി രക്ഷപ്പെടുവാൻ സംഗതി വന്നു"[26] (വാക്യങ്ങൾ 43, 44).

പൗലൊസ് എതിർത്തു എന്നു നിങ്ങൾ കരുതുന്നുണ്ടോ, "ഒരു നിമിഷം നില്ക്ക്! ആ പ്രക്ഷുബ്ധമായ തണുത്ത വെള്ളത്തിലേക്കു ചാടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല, അല്ലേ? കർത്താവ് എന്നോട് പറഞ്ഞത് ഞാൻ സുരക്ഷിതനായിരിക്കും എന്നാണ്! ഞാൻ റോമയിൽ എത്തും എന്നു കർത്താവു വാഗ്ദാനം ചെയ്തിട്ടുണ്ട്! കർത്താവ് വന്നു എന്നെ രക്ഷിക്കുന്നതു വരെ ഞാൻ ഇവിടെത്തന്നെ ഇരിക്കും"? ഞാൻ വിചാരിക്കുന്നതു പൗലൊസ് ആയിരിക്കും ആദ്യം വെള്ളത്തിൽ ചാടിയതു എന്നാണ്! അവൻ തിരമാലകൾക്കെതിരെ, നീന്തുന്നതു (പലകക്കഷണത്തിന്മേൽ തല ഉയർത്തിപ്പിടിച്ച്) എനിക്കു കാണാം, തല വെള്ളത്തിനു മുകളിൽ ഉയർത്തിപ്പിടിച്ച്, ഉപ്പു വെള്ളത്തിൽ കുതിർന്നു, കരയിലേക്കു എത്തുവാൻ പോരാടിക്കൊണ്ടിരുന്നു, അവസാനം ക്ഷീണിച്ച് അവശനായി, കടല്ക്കരയിൽ ശ്വാസം വലിച്ചുവിട്ടു കൊണ്ടിരുന്നു.

നാമെല്ലാവരും മനസ്സിലാക്കേണ്ട ചിലതു പൗലൊസ് മനസ്സിലാക്കി: ജീവിതക്കൊടുങ്കാറ്റിൽ കർത്താവ് വിജയം വാഗ്ദാനം ചെയ്താൽ പോലും, നമുക്കു മുൻപിൽ പോരാട്ടം ഉണ്ട് ദൈവത്തിനു നമ്മുടെ ജീവിതത്തിൽ പദ്ധതിയുണ്ട്. അതു നടപ്പിലാക്കുവാൻ ദൈവം നമ്മെ സഹായിക്കും; പക്ഷെ നമുക്കു ചെയ്യാൻ കഴിവുള്ളതു അവൻ ചെയ്യുകയില്ല. തണുപ്പുള്ള വെള്ളത്തിൽ ചാടി നീന്തുവാനാണ് നമ്മുടെ ജീവിതത്തിൽ അവന്റെ പദ്ധതിയെങ്കിൽ, "പക്ഷെ, കർത്താവ്, എനിക്കു നീന്തുവാനറിയില്ല!," എന്നു പറയാൻ സാധ്യമല്ല. ജീവിത സൂക്ഷിപ്പായ വിശ്വാസത്തോടെ നാം ചാടുവാനാണ് അവൻ പ്രതീക്ഷിക്കുന്നത്! നിങ്ങൾ കൊടുങ്കാറ്റിനെ അതിജീവിക്കണമെങ്കിൽ, നിങ്ങൾ പദ്ധതി ത്വരിതപ്പെടുത്താൻ തയ്യാറാകുക!

### സമാധാനം അനുഭവിക്കുക
### (27:44-28:2)

നാം ദൈവേഷ്ടത്തിനു നമ്മെത്തന്നെ കീഴ്പ്പെടുത്താൻ തയ്യാറായാൽ, അവനുമാത്രം തരുവാൻ കഴിയുന്ന സമാധാനം നമുക്ക് അനുഭ

വിക്കാം. എല്ലാവരും വെള്ളത്തിൽ ചാടി കരയിലെത്തുവാൻ പ്രയാസ പ്പെട്ടപ്പോൾ, "അവരെ എല്ലാം സുരക്ഷിതമായി കരക്കെത്തിച്ചു" (27:44). വെള്ളം കുടിച്ചു നിറഞ്ഞു വിഷമിച്ച അവസാന മനുഷ്യനും കടൽക്കര യിൽ എത്തിയപ്പോൾ, അവർ വീണ്ടും തലയെണ്ണിനോക്കി 276 – ആദ്യ സംഖ്യ ഉറപ്പാക്കി (വാക്യം 37) – എല്ലാവരും ജീവിക്കുന്നവരായിരുന്നു! "മുൻപു അരുളിചെയ്തതുപോലെ," "ഒരു ജീവനും നഷ്ടമാക*യില്ല*"; "തലയിലെ ഒരു രോമം പോലും" അറ്റു പോയില്ല (വാക്യങ്ങൾ 22, 34; എംഫസിസ് മൈൻ)! യാദൃശ്ചികത്വം വിവരിക്കാൻ കഴിഞ്ഞില്ല; കണക്കു വിവരണങ്ങൾ അസാധ്യം എന്നു പറയാം. എന്നാൽ പോലും, അതു സത്യമായിരുന്നു. ദൈവം ഒരു വാഗ്ദാനം ചെയ്യുമ്പോൾ, നിങ്ങളുടെ ജീവിതം അതിൽ പണയപ്പെടുത്താം (1 രാജാക്കന്മാർ 8:56). അതു നിങ്ങൾക്കു സമാധാനം വരുത്തിയില്ലെങ്കിൽ, മറ്റൊന്നും സമാധാനം വരു ത്തുകയില്ല!

അപകടത്തിൽ പെട്ട് രക്ഷപ്രാപിച്ചവർക്കെല്ലാം ചുറ്റും നോക്കിയ പ്പോൾ, അവർ ഇതല്യയിൽ എത്തിയില്ല എന്നു മനസ്സിലായി: "രക്ഷപ്പെട്ട ശേഷം, ദ്വീപിന്റെ പേർ മെലിത്താ എന്നു ഞങ്ങൾ കണ്ടു" (28:1). എങ്ങ നെയായാലും, ദൈവം, അവരെ നോക്കിക്കൊണ്ടിരുന്നു, അതുകൊണ്ട് ലൂക്കൊസ് വിവരിച്ചു, "അവിടത്തെ ബർബ്ബരന്മാർ ഞങ്ങൾക്കു അസാധാ രണ ദയ കാണിച്ചു മഴയും ശീതവും നിമിത്തം തീ കൂട്ടി ഞങ്ങളെ ഒക്കെയും കൈക്കൊണ്ടു" (വാക്യം 2). നാളത്തെ യാത്ര എന്തു കൊണ്ടു വരുമെന്നു ക്രിസ്ത്യാനി ഒരു പക്ഷെ അറിയുകയില്ല, പക്ഷെ തന്നോടു കൂടെ യാത്ര ചെയ്യുന്നവരെ ദൈവത്തിനറിയാം. അങ്ങനെ അവനു "എല്ലാ സാഹചര്യത്തിലും സമാധാനം"[27] ഉണ്ടായിരുന്നു.

## ഉപസംഹാരം

ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ കൊടുങ്കാറ്റിന്റെ പ്രതിസന്ധി നേരിടുകയാണെങ്കിൽ, നിങ്ങൾ സങ്കീർത്തനക്കാരന്റെ ഈ വാക്കുകൾ ലക്ഷ്യമാക്കുവാൻ താല്പര്യപ്പെടുക: "എന്റെ ആത്മാവേ, നീ വിഷാദി ക്കുന്നതെന്ത്? നീ വിഷാദിച്ചു ഉള്ളതിൽ ഞരങ്ങുന്നത് എന്നത്?" (സങ്കീർത്തനങ്ങൾ 42:5); "... എന്റെ ആത്മാവേ, നീ ഉള്ളിൽ വിഷാദിച്ചു ഞരങ്ങുന്നതെന്ത് ദൈവത്തിൽ പ്രത്യാശ വെക്കുക, അവൻ എന്റെ മുഖ പ്രകാശ രക്ഷയും എന്റെ ദൈവവുമാകുന്നു, എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും" (സങ്കീർത്തനങ്ങൾ 43:5).

കൊടുങ്കാറ്റിനെ അതിജീവിക്കുവാൻ, ഈ പാഠത്തിൽ ഞാൻ പല നിർദ്ദേശങ്ങളും നല്കുകയുണ്ടായി: (1) ഒരു കൊടുങ്കാറ്റ് വരുവാനുള്ള സാധ്യതയുണ്ട് – അതുകൊണ്ട് കൊടുങ്കാറ്റ് നിങ്ങളെ യാദൃശ്ചികമായി പിടിക്കുന്നതല്ല. (2) ദൈവത്തിന്റെ വാഗ്ദാനങ്ങൾ പ്രകടമാക്കുക – അങ്ങനെ ഒരുക്കമില്ലാതെ കൊടുങ്കാറ്റ് നിങ്ങളെ മറികടക്കാനിടയാക്ക രുത്. (3) ദൈവസാന്നിധ്യത്തെ പ്രദർശിപ്പിക്കുക – അങ്ങനെ കൊടുങ്കാറ്റ് വരുമ്പോൾ നിങ്ങൾ സുരക്ഷിതരല്ലാതായി കാണപ്പെടുകയില്ല. (4) ദൈവ പദ്ധതി സ്വീകരിക്കുക – അങ്ങനെ കൊടുങ്കാറ്റു അനുസരിക്കാതിരിപ്പാൻ കാണിക്കുകയില്ല. (5) ദൈവപദ്ധതി ത്വരിതപ്പെടുത്തുക – അങ്ങനെ കൊടു

ങ്കാറ്റ് വരുമ്പോൾ നിങ്ങൾക്കു പ്രതിഫലം ലഭിക്കാതിരിക്കയില്ല.

അതിജീവിക്കുന്നതിനുള്ള രഹസ്യം ദൈവത്തിനുള്ള വിശ്വാസം നില നിർത്തുക എന്നതാണ് – അത്തരം വിശ്വാസം ആണ് പൗലൊസ് പ്രകട മാക്കിയത്:

> എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്നു, "പൗലൊസേ, ഭയപ്പെടരുത്"; ... നീ കൈസരുടെ മുമ്പിൽ നില്കേണ്ടതാകുന്നു നിന്നോടുകൂടെ യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു എന്നു, പറഞ്ഞു. അതുകൊണ്ട് പുരുഷ ന്മാരേ, ധൈര്യത്തോടിരിപ്പിൻ, എന്നോടു അരുളിചെയ്തതുപോലെ തന്നെ സംഭവിക്കും എന്നു ഞാൻ, ദൈവത്തെ വിശ്വസിക്കുന്നു എങ്കിലും നാം ഒരു ദ്വീപിന്മേൽ തട്ടി വീഴേണ്ടതാകുന്നു (27:23–25).

പൗലൊസ് പറഞ്ഞതുപോലെ തന്നെ ശരിക്കും കാര്യങ്ങൾ നടന്നോ? ആ 276 പേർ കടല്ക്കരയിൽ തീ കാഞ്ഞുകൊണ്ടിരിക്കുന്നതും ദൈവം തന്റെ വാക്കു പാലിക്കുന്നതും ചിന്തിക്കുക! അവർക്കു കൊടുങ്കാറ്റിനെ അതിജീവിക്കാൻ കഴിഞ്ഞു, നിങ്ങൾക്കും അതിജീവിക്കാൻ കഴിയും! ഈ വാക്കുകൾ നിങ്ങളുടെ ഹൃദയത്തിൽ എഴുതുക: "ഞാൻ പറഞ്ഞ തുപോലെ തന്നെ സംഭവിക്കും എന്നു, ഞാൻ ദൈവത്തിൽ വിശ്വസി ക്കുന്നു." അത്തരം വിശ്വാസത്താൽ, നിങ്ങൾക്കു ഏതു കൊടുങ്കാറ്റി നേയും നേരിടാം![28]

---

## ദൃശ്യ - സഹായ കുറിപ്പുകൾ

---

മനുഷ്യരുടെ ഉത്തരവാദിത്വവും ദൈവത്തിന്റെ കൃപയും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കുന്നതാണ് ഈ പാഠം: കപ്പലിലുള്ള എല്ലാവ രേയും ദൈവം പൗലൊസിനു "കൊടുത്തിരുന്നു," എന്നാൽ പൗലൊസ് എന്നിട്ടും അവരെ തീരത്തെത്തിക്കാൻ അവനാൽ കഴി യുന്നതു ചെയ്യേ ണ്ടിയിരുന്നു. നിങ്ങളുടെ പ്രദേശത്തു വ്യക്തിപരമായി ബാങ്ക് ചെക്കു കൾ ഉപയോഗിക്കുന്നു എങ്കിൽ, നിങ്ങൾക്കു ഉപയോഗിക്കാവുന്ന ഒരു ദൃശ്യ ചിത്രീകരണം ഇതാ: ഒന്നും എഴുതാത്ത ഒരു ചെക്ക് ക്ലാസ്സിൽ കാണിക്കുക. ആർക്ക് ഒരു വലിയ സംഖ്യ *കൊടുക്കുവാൻ* ആഗ്രഹിച്ചു, (അയാൾ അതു സംസാരിച്ചതല്ല) എന്ന് ചോദിക്കുക. എങ്ങനെയായാ ലും, അയാൾക്ക് ചെക്ക് കിട്ടുമ്പോൾ, അയാൾ അത് ബാങ്കിൽ കൊണ്ടു പോയി മാറുകയും ആ ദാനമായി കിട്ടിയ പണം പ്രയോജനപ്പെടുത്തു കയും വേണം. അതുപോലെ, രക്ഷ ഒരു ദാനമാണ്; പക്ഷെ ആ ദാനം ശരിയായി ഉപയോഗിക്കേണ്ടതിന് നാം ദൈവത്തെ അനുസരിക്കണം (നമുക്കു ചെയ്യാൻ കഴിയുന്നതു ചെയ്യുക).

നമുക്കു പൗലൊസ് കൊടുങ്കാറ്റിനെ അതിജീവിച്ച വിശ്വാസത്തെ (27:23–25) ചുരുക്കി താഴെ പറയും വിധത്തിൽ ആക്കാം: (1) ദൈവത്തിന്റെ സാന്നിധ്യത്തെ ഞാൻ തിരിച്ചറിയുന്നു ("എന്റെ മുമ്പിൽ നിന്നു"); (2) ഞാൻ ദൈവത്തിന്റെ സ്വന്തമാണ് (''ഞാൻ ആർക്കു വേണ്ടിയുള്ളവൻ"); (3) ദൈവം എനിക്കു ഒരു ഉദ്ദേശ്യം തന്നിട്ടുണ്ട് ("ഞാൻ ആരെ സേവിക്കും"); (4) ദൈവം എനിക്ക് ഒരു വാഗ്ദാനം നല്കിയിട്ടുണ്ട് ("നീ കൈസരുടെ മുമ്പിൽ നിക്കേണ്ടതാകുന്നു").[29]

യാദൃശ്ചികമായി പറഞ്ഞ "നാലു നങ്കൂരങ്ങൾ" (27:29) പ്രസംഗം രൂപപ്പെടുത്തുന്നവർക്കു താല്പര്യം ജനിപ്പിച്ചിട്ടുണ്ട്. എന്റെ ഗവേഷണത്തിൽ, നാലു ആത്മിയ "നങ്കുരങ്ങൾ" എന്നതിനെക്കുറിച്ചു അനവധി പ്രസംഗങ്ങൾ ഞാൻ കണ്ടെത്തിയിട്ടുണ്ട്. "പ്രത്യാശ" എന്ന ഏക ആത്മിയ നങ്കുരത്തെക്കുറിച്ചേ തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളു എന്നതുകൊണ്ട് (എബ്രായർ 6:19), ലിസ്റ്റുകൾ വിഷയമായി ഉയർന്നു നില്ക്കു ന്നു. ഐലോക്സ് ഒജിൽവിയുടെ നിർദ്ദേശം ആണ് കൂടുതൽ യുക്തിസഹം എന്നു തോന്നുന്നു. അദ്ദേഹം പറഞ്ഞു, "ഒരു പക്ഷെ നിങ്ങൾക്കു നിങ്ങളുടേതായ [നങ്കൂരങ്ങൾ] പാറകളെ നീക്കുവാൻ കാണും ... [ഇ]*തു നിങ്ങൾ നിങ്ങൾക്കു വേണ്ടി പ്രവർത്തിച്ചതായ* നാലെണ്ണം പറയുക. [പിന്നെ] ആളുകൾ അവരുടെ [തന്നെ] നങ്കൂരങ്ങളെ തിരിച്ചറിഞ്ഞ് ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കുക."[30]

---

കുറിപ്പുകൾ

[1]ജോൺ പോളോക്ക്, *ദ അപ്പൊസ്തൽ: എ ലൈഫ് ഓഫ് പോൾ* (വീറ്റൺ, Ill.: സ്ക്രിപ്ച്ചർ പ്രെസ് പബ്ലിക്കേഷൻസ്, 1985), 280. [2]ഈ പാഠത്തിലെ എന്റെ അഞ്ചു പോയിന്റുകൾ എടുത്തിരിക്കുന്നത് ജൊാക്ക് ഗ്രഹാം ഇൻ എ "പവർ പോയിന്റ്" റ്റിവി സെർമൺ എൻ ടൈറ്റിൽസ് "ഹൗടു ഡിഫീറ്റ് ദ ഡാർക്നെസ്സ്." [3]സാധാരണ കർത്താവുതന്നെ പൗലൊസിനു പ്രത്യക്ഷനായി. യേശുവിനു പകരം ദൂതനെ അയച്ചത് ഒരു പക്ഷെ "യേശു പറഞ്ഞു" എന്നു പറയുന്നതിനേക്കാൾ കപ്പലിലുണ്ടായിരുന്ന അന്യദേവന്മാരെ വണങ്ങിയിരുന്നവർക്കും "ഒരു ദൂതൻ എന്നോടു പറഞ്ഞു" എന്നതു കൂടുതൽ വ്യക്തമാകുമെന്നതുകൊണ്ടാകാം. പ്രത്യാശാ സന്ദേശം, എങ്ങനെയായാലും, അടിസ്ഥാനപരമായി ഒന്നു തന്നെയാണ് (18:9, 10; 23:11 നോക്കുക). [4]യേശുവിന്റെ വിലയേറിയ ഉറപ്പിനെപ്പറ്റി ഒരു പുതിയ കുറിപ്പ് ഈ വേദഭാഗം ചേർക്കുന്നുണ്ട്: പൗലൊസ് തീർച്ചയായും റോമയിലേക്കു പോകും എന്നാണ് യേശു പറഞ്ഞത് (23:11); ദൂതൻ പറഞ്ഞത് റോമയിൽ പൗലൊസ് തീർച്ചയായും കൈസരുടെ മുമ്പിൽ നില്ക്കും എന്നാണ്. [5]കപ്പലിലുള്ള എല്ലാവരെയും പൗലൊസിനു ദാനമായി "കൊടുത്തിരിക്കുന്നു" എന്നു പറഞ്ഞതിനർത്ഥം അവരെല്ലാവരും ക്രിസ്ത്യാനികളായിതീരും എന്നല്ല, പിന്നെയോ അവരുടെ ജീവൻ സംരക്ഷിക്കപ്പെടും എന്നാണ്. എഫ്. എഫ് . ബ്രൂസ് പറഞ്ഞു, "നീതിമാന്മാരായ സ്ത്രീ പുരുഷന്മാർക്കിടയിൽ, ദൈവം കാണിക്കുന്ന കരുണക്ക്, എത്ര മാത്രം കടപ്പെട്ടിരിക്കുന്നു എന്നു മനുഷ്യസമൂഹത്തിന് ഒരു പിടിയുമില്ല" (*ദ ബുക്ക് ഓഫ് ആക്സ്*, ദ ന്യൂ ഇൻറ്റർ

നാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ്, റെവ. ഇഡി. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യിയു എം. ബി എർഡ് മാൻസ് പബ്ലിഷിങ് കമ്പനി, 1988], 488). ദൈവ ഭക്തർ എങ്ങനെ അഭക്തരെ സഹായിക്കുന്നു എന്നതിനു ഉദാഹരണമായി നോക്കുക, ഉല്പത്തി 18:26-32; 30:27; 39:5. [6]സങ്കീർത്തനങ്ങൾ 34:18; 145:18; യെശയ്യാവ് 41:10; 43:1-5; റോമർ 8:38, 39. [7]ഗ്രീസിനും ഇതല്യക്കും ഇടക്കു സ്ഥിതി ചെയ്യുന്ന അദ്രിയക്കടലുമായി ഇതിനെ തെറ്റിദ്ധരിക്കരുത്. പുരാതന എഴുത്തുകാർ പറഞ്ഞതനുസരിച്ച്, "അദ്രിയ കടൽ" മദ്ധ്യധരണ്യാഴിയിൽ കിഴക്കു കേന്ദ്ര ഭാഗങ്ങളിലെ നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്ന സ്ഥലമാണ്. [8]സൂചനകൾ എടുത്തിരുന്നത് കനമുള്ള കയറുകളിൽ ഓരോ മാറിന് (ഏതാണ്ട് ആറടി) കെട്ടുകൾ ഉണ്ടായിരിക്കും. [9]മറഞ്ഞുകിടക്കുന്ന പാറയിൽ തട്ടാതിരിക്കേണ്ടതിന് അവർ ഒരു പക്ഷെ കപ്പലിൽ ഉണ്ടായിരുന്ന എല്ലാ നങ്കൂരങ്ങളും ഉപയോഗിച്ചിരിക്കാം. [10]കപ്പലിൽ തന്നെ ഇരിക്കേണ്ടതിനു മറ്റുകാര്യങ്ങളും അവർ ചെയ്തിരിക്കാം. ഒരു പക്ഷെ ദൈവത്തിന്റെ വാഗ്ദാനം ആകാം "ജീവൻ ഒന്നും നഷ്ടമാകയില്ല" എന്ന (വാക്യം 22) മുൻവിചാരത്തോടെ എല്ലാവരും ഒരുമിച്ചിരിക്കാൻ പ്രേരിപ്പിച്ചു.

[11]പിറ്റേന്ന് അവർ ഒരു പക്ഷെ കരക്കെത്തുവാൻ തോണി ഉപയോഗിക്കേണ്ടി വരുമെന്ന് കരുതിയിരിക്കാം, എന്നാൽ ധ്രുതഗതിയിലുള്ള അവരുടെ പ്രവർത്തനം ലക്ഷ്യം കണ്ടു. [12]ശരീരത്തെ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ് എന്നതു വിപുലപ്പെടുത്താവുന്ന സ്ഥാനം ഇതാണ്. എന്റെ അനുഭവത്തിൽ ഗൗരവമായ വൈകാരിക സ്വഭാവമുള്ളവർക്കു അവരുടെ വികാരങ്ങൾ അനുസരിച്ചു ശാരീരിക പ്രശ്നങ്ങളും ഉണ്ടാകും എന്നതാണ്. [13]അവർ ഒരു പക്ഷെ അപ്പോഴപ്പോഴായി അതുമിതും കുറെയൊക്കെ തിന്നു കാണും, അല്ലാതെ സാധാരണ ഭക്ഷണം സമയാസമയങ്ങളിൽ കഴിച്ചിരിക്കയില്ല. (ഈ പാഠത്തിലെ 21-ാം വാക്യത്തിലെ നോട്ടുകൾ നോക്കുക.) ആഹാരത്തിൽ കൈവെച്ചിരിക്കുന്ന കുട്ടികളെ നിർബന്ധിച്ചു കഴിപ്പിക്കുന്ന ഒരമ്മയുടെ വാക്കുകൾ പോലെയായിരുന്നു പൗലൊസിന്റെ വാക്കുകൾ: അവർക്ക്. "ഒരു കഷണം പോലും കഴിച്ചില്ല!" ഇതിൽ നിന്നു ചിലർ പറയുന്നതു അന്യദേവന്മാരെ വണങ്ങിയിരുന്നവർ ഉപവസിച്ചു തങ്ങളുടെ ദേവന്മാരോട് അപേക്ഷിച്ചുകൊണ്ടിരുന്നു എന്നാണ്, പക്ഷെ വേദഭാഗത്ത് അതൊന്നും പറയുന്നില്ല. [14]ഇതു ഒരു അറിയ - പ്പെട്ട പ്രസ്താവനയായിരുന്നു (1 ശമുവേൽ 14:45; 2 ശമുവേൽ 14:11; 1 രാജാക്കന്മാർ 1:52; ലൂക്കൊസ് 21:18). [15]ഇതു കർത്തൃമേശ ആയിരുന്നില്ല, എന്നാൽ സാധാരണ ഭക്ഷണമായിരുന്നു. [16]"കപ്പലിലുള്ളവർ ആകെ ഇരുനൂറ്റി എഴുപത്തി - ആറ് എന്നു" ലൂക്കൊസ് പറയുവാൻ, 37-ാം വാക്യം വരെ കാത്തിരുന്നു. പ്രാതൽ ഭക്ഷണം എല്ലാവർക്കും ലഭ്യമാക്കുവാനും കരയിലെത്തുമ്പോൾ എല്ലാവരു ഉണ്ടോ എന്നറിവാനും ആയിരിക്കാം അവർ തലയെണ്ണിയത്. [17]നാം പരസ്യസ്ഥലങ്ങളിൽ ഭക്ഷണം കഴിക്കുമ്പോൾ എങ്ങനെ നന്ദി പറയണമെന്ന് പൗലൊസ് പെട്ടെന്ന് നന്ദി പറയുന്നതിൽ നിന്നും എടുക്കാം! [18]അപൂർവ്വ അവസരങ്ങളിൽ പാരമ്പര്യസ്ഥാനം ശരിയാകുന്നതിൽ ഒന്നാണ് ഇതെന്നുതോന്നുന്നു. അധികാരികളിൽ അധികം പേരും വിശ്വസിക്കുന്നത് "സെന്റ് പോൾസ് ബേ" എന്ന മെലിത്തായിലെ വടക്കു കിഴക്കു ഭാഗത്തായിരുന്നു പൗലൊസും മറ്റും തീരത്തണഞ്ഞതു എന്ന്. [19]"ദ ഫോർസെയിൽ" എന്നതു ചെറിയ ഒരു സെയിൽ കപ്പലിന്റെ മുൻഭാഗത്ത് സ്റ്റിയറിങ്ങുമായി ബന്ധപ്പെട്ട് മുന്നോട്ട് വെള്ളം തള്ളുന്നതിനുള്ളതായിരുന്നു (മുഖ്യസെയിലിൽ നിന്നു വ്യത്യസ്തമായി, മുന്നോട്ടു തള്ളാൻ മാത്രമായി). (കെജെവിയിൽ, വ്യത്യസ്തമായ കയ്യെഴുത്തു പ്രതിയാണ്, 40-ാം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്, പക്ഷെ വ്യത്യാസം അപ്രധാനമത്രെ.) [20]എതിർദിശയിൽ ഒഴുകിയെത്തിയ, രണ്ട് ശക്തമായ ഒഴുക്കുകൾ, ഒരുമിച്ചു കൂടിച്ചേർന്ന്/അല്ലെങ്കിൽ വെള്ളത്തിനടിയിലെ പാറയിൽ അടിച്ചുയർന്ന്, വരുന്ന നാവികന്മാർക്ക് സാധാരണകാണുവാൻ കഴിയുന്നതാണ്. അത്തരം അവസ്ഥ പാരമ്പര്യമായി മെലിത്തായിലെ "സെന്റ് പോൾസ് ബേയിൽ" ഉണ്ട്.

[21]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ദൈവ സഹായത്താൽ ജീവിതങ്ങളെ മാറ്റൽ" എന്ന പാഠത്തിലെ പ്രവൃത്തികൾ 16:27 ന്റെ നോട്ടുകളും, "പ്രവൃത്തികൾ, 3-ാം" ലക്ക

ത്തിലെ “മിഷൻ പ്രവർത്തനത്തിലെ കയ്പ്പുള്ള മധുരം” എന്ന പാഠത്തിലെ പ്രവൃത്തികൾ 12:19 ന്റെ നോട്ടുകളും നോക്കുക. [22]“ലയൺ ഫോഡർ” = സിംഹഭക്ഷണം കഴിഞ്ഞ പാഠത്തിലെ പ്രവൃത്തികൾ 27:1 ന്റെ നോട്ടുകൾ നോക്കുക. [23]ശതാധിപനു മറ്റേതെങ്കിലും തടവുകാരെക്കുറിച്ചു കരുതലുണ്ടായിരുന്നതായി സൂചന ഒന്നും നാം കാണുന്നില്ല. മറ്റു തടവുകൾ അവരുടെ ജീവനു അവർ പൗലൊസിനോട് ഒരിക്കൽകൂടെ കടപ്പെട്ടിരിക്കുന്നു. [24]ഒരു പക്ഷെ ശതാധിപൻ യാദൃശ്ചികമായി പടയാളികളുടെ പദ്ധതി കേട്ടു അവരെ തടഞ്ഞതാകാം, അല്ലെങ്കിൽ ഒരു പക്ഷെ പടയാളികൾ കുറ്റവാളികളെ കൊല്ലേണ്ടതിനു ശതാധിപന്റെ അനുവാദം ചോദിച്ചപ്പോൾ അവൻ “പാടില്ല” എന്നു പറഞ്ഞിരിക്കാം. രണ്ടാമത്തേതിനാണ് കൂടുതൽ സാധ്യത. [25]അവൻ ഒരു പക്ഷെ പടയാളികളെ ആദ്യം നീന്തി കരയിലെത്താൻ പറഞ്ഞശേഷം തടവുകാരെ അയച്ചിരിക്കാം, അപ്പോൾ കരയിലെത്തുമ്പോൾ പടയാളികൾക്കു അവരെ പിടിക്കുകയും ചെയ്യാം എന്നു പറയപ്പെടുന്നു. [26]മൂന്നു കപ്പലുകളിൽ നിന്നു രക്ഷപ്പെട്ടവനായ, പൗലൊസ്, ഒരു വഴി നിർദ്ദേശിച്ചതാകാം. “വളരെ ആഴത്തിൽ നിന്നു ഒരു രാത്രിയും പകലിനും ശേഷം ...” ഒരു പക്ഷെ രക്ഷപ്പെട്ടിരിക്കാം (2 കൊരിന്ത്യർ 11:25) അടിയിൽ താഴ്ന്നു കിടന്ന പലകയിൽ പിടിച്ച് തൂങ്ങിക്കിടന്നിരുന്നു. [27]2 തെസ്സലൊനിക്യർ 3:16; സങ്കീർത്തനങ്ങൾ 29:11; യോഹന്നാൻ 14:27; 16:33; റോമർ 1:7; 2:10; കൊലൊസ്യർ 3:15 നോക്കുക. [28]ഈ പാഠം ഒരു പ്രസംഗമായി എടുക്കുകയാണെങ്കിൽ, ക്ഷണമായി നിർദ്ദേശം 4ലേക്കു മടങ്ങിവരാം: “പദ്ധതി ത്വരിതപ്പെടുത്തൽ” പാപത്തിൽ അന്യാധീനപ്പെട്ടവർക്ക് ദൈവത്തിന്റെ “പദ്ധതി” വിശ്വസിക്കുക, മാനസാന്തരപ്പെടുക, സ്നാനമേല്ക്കുക എന്നതാണ് (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38). [29]എടുത്തിരിക്കുന്നത് റിക്ക് ആച്ച്ലേ, “ആങ്കേഴ്സ് ഫോർ ദ ആങ്ഷ്യസ്,” 1987 ഏപ്രിൽ 19 ന്, ടെക്സാസിലെ, അബിലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചതിൽ നിന്നും. [30]ഐ. ലോയ്ഡ് ഒജിൽവി, *ദ കമ്മ്യൂണിക്കേറ്റേഴ്സ് കമെന്ററി*, വാല്യം 5, *ആക്സ്* (ഡല്ലാസ്: വേഡ് പബ്ലിഷിങ്ങ്, 1983), 349; എംഫസിസ് മൈൻ.